15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4005 — 03-03-2023 - ൽ മറുപടിയ്ക്ക്

## കാരുണ്യ ഫാർമസികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാവപ്പെട്ട ജനങ്ങൾക്ക് വലിയ ആശ്വാസമായ കാരുണ്യ ഫാർമസികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മരുന്ന് കമ്പനിക്കാരുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയുടെ പ്രതിനിധികളുമായി നേരിട്ട് വിലപേശി, 45 ദിവസത്തെ വായ്പാകാലയളവിൽ മുൻകൂറായി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്ന രീതിയാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അവലംബിച്ചിരിക്കുന്നത്.<br>പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനെക്കാളും വിപണിവിലയിൽ നിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നു.<br>കാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ ബാധിച്ചവർക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കി വരുന്നു. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന ജീവൻരക്ഷാമരുന്നുകൾ എല്ലാം തന്നെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. ഇവയുടെ വ്യത്യസ്ത അളവുകളിലുള്ള ഏകദേശം 35 ബ്രാൻഡുകളുടെ നിരവധി മരുന്നുകൾ സംസ്ഥാനത്തൊട്ടാകെയുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിതരണം ചെയ്തു വരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ഫണ്ട് വിനിയോഗിച്ച് ആരോഗ്യ കേന്ദ്രങ്ങൾ ആവശ്യപ്പെടുന്ന മരുന്നുകളിൽ കാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ രോഗമുള്ളവർക്കും കിടപ്പ് രോഗികൾക്കും ആവശ്യമായ മരുന്നുകൾ മുൻഗണന ക്രമത്തിൽ വിതരണം ചെയ്ത് വരുന്നു. .<br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും മരുന്നുകൾ ക്യാഷ് അടിസ്ഥാനത്തിലും വായ്പാ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലും ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു. ക്യാഷ് അടിസ്ഥാനത്തിലുള്ള വിതരണത്തിൽ ഉപഭോക്താക്കൾ പണം ഉടനടി നൽകി മരുന്നുകൾ വാങ്ങുന്നു. സർക്കാർ ആവിഷ്കൃത ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് വായ്പാടിസ്ഥാനത്തിൽ മരുന്നുകൾ വിതരണം ചെയ്യുന്നു. ടി തുക കാലക്രമേണ സർക്കാരിൽ നിന്നും ലഭ്യമാക്കുന്നു.<br>നിലവിൽ വിവിധ കമ്പനികളുടെ 8000 ൽ പരം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. കൂടാതെ വിപണിയിൽ പുതുതായി സ്ഥാനമുറപ്പിച്ച കമ്പനികളുടെ മരുന്നുകൾ ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. നിലവിൽ പകൽ സമയങ്ങളിൽ മാത്രം പ്രവർത്തിച്ചിരുന്ന മേജർ ആശുപത്രികളിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ പ്രവർത്തനം 24 മണിക്കൂറായി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിച്ചുവരുന്നു.<br><br>**<u>കാരുണ്യ@ഹോം പദ്ധതി</u>**<br><br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിലെ മരുന്നുകൾ വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തത്തിൽ കാരുണ്യ@ഹോം എന്ന പദ്ധതി സർക്കാർ ആരംഭിച്ചു. കാരുണ്യയിലെ വിലക്കിഴിവിന് പുറമെ 1% അധിക വിലക്കിഴിവോട് കൂടി മുതിർന്ന പൗരൻമാർക്ക് ആവശ്യമായ എല്ലാ മരുന്നുകളും, ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ളവ കൊറിയർ മുഖാന്തിരം മിതമായ കൊറിയർ ചാർജ്ജ് ഈടാക്കി കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ചു നൽകുന്നു. മുതിർന്ന പൗരൻമാർക്ക് ഫാർമസിയിലെത്തിച്ചേരാതെ തന്നെ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി) | സർക്കാർ ആശുപത്രികളിലെ വിവിധ ഉപകരണങ്ങൾ കേടാകുമ്പോൾ തന്നെ നന്നാക്കി ഉപയോഗപ്രദമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മെഡിക്കൽ കോളേജുകളിലേയും അനുബന്ധ ആശുപത്രയിലേയും മെഡിക്കൽ ഉപകരണങ്ങളുടെ എല്ലാത്തരത്തിലുള്ള അറ്റകുറ്റപ്പണികളുടെ മേൽനോട്ടം വഹിക്കുന്നത് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ആന്റ് സെൻട്രൽ വർക്ക്ഷോപ്പ് വിഭാഗമാണ്. മെഡിക്കൽ ഉപകരണങ്ങൾ കേടാകുമ്പോൾ ബയോമെഡിക്കൽ എഞ്ചിനീറിംഗ് വിഭാഗത്തിലെ സാങ്കേതിക വിദഗ്ദ്ധരായ ജീവനക്കാരെ കൃത്യ സമയത്ത് അറിയിക്കുകയും അത് പരിഹരിക്കുവാനുള്ള മേൽ നടപടികൾ അവർ ഏറ്റെടുക്കുകയും ചെയ്തു വരുന്നു. അത്യാധുനിക ജീവൻ രക്ഷാ ബയോമെഡിക്കൽ ഉപകരണങ്ങൾ യഥാർത്ഥ |

| | | | |
|---|---|---|---|
| | | | ഉപകരണ നിർമ്മാതാവുമായോ അല്ലെങ്കിൽ അവരുടെ അംഗീകൃത സേവന ദാതാവുമായോ അറ്റകുറ്റപ്പണിയ്ക്കുള്ള മെയിന്റനൻസ് കരാറിൽ (AMC/CAMC) ഏർപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ സേവനങ്ങളും ബയോമെഡിക്കൽ എഞ്ചിനീറിംഗ് ആന്റ് സെൻട്രൽ വർക്ക്ഷോപ്പ് വകുപ്പ് വഴി നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തു വരുന്നു. പതിവായി ആവശ്യമുള്ള സാധാരണ സ്പെയറുകൾ/ ഉപഭോഗ വസ്തുക്കൾ തുടങ്ങിയവ ബജറ്റ് വിഹിതം വഴിയും ആശുപത്രി വികസന സമിതി ഫണ്ട് വഴിയും വാങ്ങുകയും മാറ്റി സ്ഥാപിക്കുകയും ചെയ്തു വരുന്നു. മേൽപ്പറഞ്ഞ ആസൂത്രിത പ്രവർത്തനങ്ങളിലൂടെ രോഗീ പരിചരണത്തിന് ആവശ്യമുള്ള എല്ലാ ബയോമെഡിക്കൽ ഉപകരണങ്ങളുടേയും തടസ്സമില്ലാത്ത പ്രശ്നരഹിത പ്രവർത്തനം ഉറപ്പ് വരുത്തുന്നു.<br><br>ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിലെ ഉപകരണങ്ങളുടെ തകരാർ പരിഹരിക്കുന്നതിനായി കെ എം എസ് സി എൽ മുഖേന തേർഡ് പാർട്ടി സർവ്വീസ് (ബയോമെഡിക്കൽ എക്യുപ്മെൻ്റ് മെയിൻ്റനൻസ് പ്രോഗ്രാം) മെസ്സേഴ്സ്. സൈറിക്സ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് (M/s. Cyrix Healthcare Pvt Ltd) എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ഐ.വി.ആർ.എസ്. ടോൾ ഫ്രീ സംവിധാനത്തിലൂടെ ആശുപത്രി അധികൃതർക്ക് ടോൾ ഫ്രീ നമ്പറായ 1800 425 7669 എന്ന നമ്പറിലേക്ക് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിൻ്റെ അടിസ്ഥാനത്തിൽ മേൽ കമ്പനി സർവ്വീസ് എൻജിനീയേഴ്സ് സ്ഥാപനത്തിൽ നേരിട്ടെത്തി പ്രസ്തുത പരാതി സമയബന്ധിതമായി പരിഹരിക്കുന്നു. |

സെക്ഷൻ ഓഫീസർ